കലയും സംസ്കാരവും

31. കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രം ഇപ്പോൾ 1938 വരെ മാത്രമേ ഔദ്യോഗികമായി രചിച്ചിട്ടുള്ളൂ എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനുശേഷമുള്ള കാലഘട്ടം കൂടി ഉൾപ്പെടുത്തി ഇത് പുതുക്കുന്നതാണ്.

32. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപ്പീഡിയാക് പബ്ലിക്കേഷൻസ് വഴി സർവ്വവിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങൾ പുതുക്കി പ്രസിദ്ധീകരിക്കുന്നതിനായി ഞാൻ 10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. വാസ്തു വിദ്യാഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ ചരിത്രപ്രാധാന്യമുള്ളതും പുരാതന വാസ്തുശിൽപ ശൈലിയിൽ ഉള്ളതുമായ കെട്ടിടങ്ങളെക്കുറിച്ച് ഒരു പുസ്തകം രചിച്ച് പ്രസിദ്ധപ്പെടുത്തുന്നതും ചുവർ ചിത്രകലയ്ക്ക് ആവശ്യമായ പ്രചരണം നൽകുന്നതുമാണ്. ഇതിനായി ഞാൻ 5 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

33. സാംസ്കാരികവകുപ്പ് വിനോദസഞ്ചാരവകുപ്പുമായി യോജിച്ച് കേരളീയതയുടെ ശാലീനഭംഗിയും ചാരുതയും കോർത്തിണക്കി ഒരു "കേരളീയ പൈതൃക ഗ്രാമം" പുനഃസൃഷ്ടിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ഞാൻ 50 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

പുരാരേഖാ വകുപ്പ്

34. സംസ്ഥാന സർക്കാരിന്റെ രേഖകളുടെ സംരക്ഷണം, പരിപാലനം, നടത്തിപ്പ് എന്നിവ പുരാരേഖാ വകുപ്പിന്റെ ചുമതലയാണ്. താളിയോലകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്.

തലസ്ഥാന വികസനം

35. തലസ്ഥാന നഗരത്തിന്റെ വികസനം വളരെ നാളായി അവഗണിക്കപ്പെട്ടിരിക്കുകയായിരുന്നു. ഐക്യജനാധിപത്യ മുന്നണി സർക്കാർ 2001-ൽ അധികാരത്തിൽ വന്ന ശേഷമാണ് ഒരു പുതിയ ഉണർവ്വ് ഇക്കാര്യത്തിലുണ്ടായത്. ആന്റണി സർക്കാർ തുടങ്ങിവച്ച തലസ്ഥാന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച്, നടപ്പിലാക്കുന്നതിനും ഞാൻ പ്രതിജ്ഞാബദ്ധനാണ്. തലസ്ഥാനവികസനത്തിന് സർക്കാർ മുൻഗണന നൽകി ആവിഷ്കരിച്ച പദ്ധതികൾ തൃപ്തികരമായി പുരോഗമിച്ചുവരുന്നു. ഏകദേശം 42 കി.മീ. റോഡും മേൽപ്പാലങ്ങളും അണ്ടർപാസ്സുകളും ഉൾപ്പെടുന്ന തലസ്ഥാന വികസന പദ്ധതിയുടെ നടത്തിപ്പ് കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്തുകഴിഞ്ഞു. പാളയം അണ്ടർപാസിന്റെ നിർമ്മാണവും, പാളയം-എയർപോർട്ട് റോഡിന്റെ വീതി കൂട്ടലും നേരത്തെ നിശ്ചയിച്ച പ്രകാരം പുരോഗമിക്കുന്നു. ഇവയിൽ പലതും ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly